**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 626** **11-06-2024 - ൽ മറുപടിയ്ക്ക്**

**വിദ്യാലയങ്ങളിലെ സംരംഭകത്വ വികസന ക്ലബ്ബുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ആന്റണി രാജു | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാലയങ്ങളിലെ സംരംഭകത്വ വികസന ക്ലബ്ബുകളുടെ പ്രവർത്തനത്തിന് വ്യവസായ വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ; | (എ) | യുവതലമുറയിലേക്ക് സംരംഭക സംസ്കാരം വ്യാപിപ്പിക്കുക എന്ന ലക്ഷ്യവുമായി എഞ്ചിനിയറിങ്ങ് കോളേജുകൾ, പോളിടെക്നിക്കുകൾ എന്നിവ ഉൾപ്പെടെ 850 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ നിലവിലുണ്ട്. പ്രസ്തുത ക്ലബ്ബുകൾക്ക് ആവശ്യമായ മാർഗനിർദ്ദേശങ്ങളും ക്ലബ്ബുകളിലൂടെ സംരംഭകത്വ പരിശീലനവും അതത് ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നൽകി വരുന്നു. ഇത്തരം ക്ലബ്ബുകൾക്ക് സംരംഭക വികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സാമ്പത്തിക സഹായവും നൽകി വരുന്നു. |
| (ബി) | വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി ഇൻകുബേഷൻ സൗകര്യങ്ങൾ ഒരുക്കി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്.<br><br>കേരള സ്റ്റാർട്ട് അപ്പ് മിഷൻ വഴിയുള്ള ഇൻക്യുബേഷൻ സൗകര്യം നിലവിലുണ്ട്. |
| (സി) | ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതിയുടെ വിശദ വിവരങ്ങൾ നൽകുമോ; | (സി) | വ്യവസായ ഭൂമിയുടെ ദൗർലഭ്യത്തിന് പരിഹാരമായും വിദ്യാർത്ഥികൾക്കിടയിൽ സംരംഭകത്വ സംസ്കാരം വളർത്തുന്നതിനുമായി സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ മേൽ നോട്ടത്തിൽ നിലവിൽ വന്നിട്ടുള്ള നൂതന പദ്ധതിയാണ് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ. കുറഞ്ഞത് 5 ഏക്കർ ഭൂമിയുള്ള ആർട്സ് & സയൻസ് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ടി.ഐ-കൾ തുടങ്ങിയവയുൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഈ പദ്ധതിയ്ക്കുള്ള ഡെവലപ്പർ പെർമിറ്റിനായി അപേക്ഷ നൽകാവുന്നതാണ്. സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (ബഹുനില വ്യവസായ സമുച്ചയം)-യാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെങ്കിൽ കുറഞ്ഞത് 2 ഏക്കർ ഭൂമി മതിയാകുന്നതാണ്. 30 വർഷത്തേക്കാണ് ഈ പദ്ധതിയുടെ ഡെവലപ്പർ പെർമിറ്റ് അനുവദിച്ചു നൽകുന്നത്. |

| | | | |
|---|---|---|---|
| (ഡി) | വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഗവേഷണങ്ങളിലൂടെ കണ്ടെത്തുന്ന നൂതന ഉല്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിന് പ്രസ്തുത പദ്ധതി എപ്രകാരം പ്രയോജനപ്പെടുമെന്ന് വെളിപ്പെടുത്താമോ? | (ഡി) | വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഗവേഷണ പ്രവർത്തനങ്ങളിലൂടെ പുതിയതായി രൂപം നൽകുന്ന ഉത്പന്നത്തിന്റെ വ്യാവസായിക ഉത്പാദന സാധ്യതകൾ ഈ പദ്ധതിയിലൂടെ കണ്ടെത്തുവാൻ കഴിയുന്നതാണ്. ആയതുവഴി ഉത്പന്നം വിപണിയിലെത്തിക്കുവാനും കഴിയുന്നതാണ്. ക്യാമ്പസ് പാർക്കിൽ പ്രവർത്തിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥാപനങ്ങളുമായി കൂടിയാലോചിച്ചാണ് ഇത്തരത്തിലുള്ള തീരുമാനങ്ങൾ എടുക്കുവാൻ കഴിയുന്നത്. |

സെക്ഷൻ ഓഫീസർ